

## Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakka

## ആഡംഭര കാറിൽ കടത്തിയ 3.8 കിലോഗ്രാം കഞ്ചാവുമായി തൃശ്ശൂർ സ്വദേശികൾ അറസ്റ്റിൽ

മൂന്ന കിലോ എണ്ണൂറ് ഗ്രാം കഞ്ചാവുമായി തൃശ്ശൂർ സ്വദേശികളായ രണ്ട് പേരെ പാലക്കാട് ഡാൻസാഫ് സ്ക്വാഡും , ഷൊർണ്ണൂർ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ ഷൊർണ്ണൂർ ശാന്തിതീരം ശ്മശാനത്തിന് സമീപം വെച്ച് അറസ്റ്റ് ചെയ്തു. തൃശ്ശൂർ ഒല്ലൂർ സ്വദേശി ജിതേഷ് വഃ 26, അഞ്ചേരി സ്വദേശി അരുൺ വഃ24 എന്നിവരെയാണ് ഷൊർണ്ണൂർ പോലീസ് അറസ്റ്റ് ചെയ്തത്.



# മൂന്നേ മുക്കാൽ കിലോ കഞ്ചാവുമായി തൃശൂർ സ്വദേശികൾ അറസ്റ്റിൽ

പാലക്കാട്: ഷൊർണൂർ ശാന്തപ്പുഴയോരത്ത് നിന്ന് മൂന്നേ മുക്കാൽ കിലോ കഞ്ചാവുമായി തൃശൂർ സ്വദേശികളായ രണ്ട് യുവാക്കൾ പിടിയിൽ. തൃശൂർ മണ്ണാക്കര ഒല്ലൂർ ചെല്ലിക്കാട്ടും ജിതേഷ് (26), തൃശൂർ അഞ്ചേരി പെരിഞ്ചേരി അരുൺ (24) എന്നിവരെയാണ് ഷൊർണൂർ പോലീസ് അറസ്റ്റ് ചെയ്തത്. ഇവർ വന്ന ഇന്നോവ കാറും പോലീസ് കസ്റ്റഡിയിലെടുത്തു. ശാന്തിതീരം ശ്മശാനത്തിന് സമീപത്തുനിന്നാണ് ഇവരെ പിടികൂടിയത്.

പിടിച്ചെടുത്ത കഞ്ചാവിന് മൂന്നര ലക്ഷം രൂപ വില വരും. ഷൊർണൂർ ഭാഗത്തുള്ള ഇടപാടുകാർക്ക് ഇന്നോവ കാറിൽ കൈമാറാൻ കൊണ്ടുവന്ന സമയം രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പ്രതികൾ വലയിലായത്.

പോലീസിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്നായിരുന്നു പരിശോധന. ഇവർക്കെതിരെ തൃശൂർ പോലീസ് സ്റ്റേഷനിൽ അടിപിടി കേസും നിലവിലുണ്ടെന്ന് പോലീസ് പറയുന്നു.

ഷൊർണൂർ സബ് ഇൻസ്പെക്ടർ വനിൽ കുമാർ, സി.പി.ഒ.മാരായ മിജേഷ്, റിയാസ്, സ്റ്റേറ്റ് സ്പെഷൽ ബ്രാഞ്ച് ഉദ്യോഗസ്ഥൻ പ്രകാശൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ടി.ആർ. സുനിൽ കുമാർ, ആർ. കിഷോർ, കെ. അഹമ്മദ് കബീർ, ആർ. വിനീഷ്, ആർ. രാജീദ്, എസ്. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

പിടിച്ചെടുത്ത കഞ്ചാവിന് മൂന്നര ലക്ഷം രൂപ വില വരും. ഷൊർണ്ണൂർ ഭാഗത്തുള്ള ഇടപാടുകാർക്ക് ഇന്നോവ കാറിൽ കൈമാറാൻ കൊണ്ടുവന്ന സമയം രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പ്രതികൾ വലയിലായത്. സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.

പാലക്കാട് ജില്ല പോലീസ് മേധാവി R. വിശ്വനാഥ് IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP C.D.ശ്രീനിവാസന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. ഷൊർണ്ണൂർ സബ് ഇൻസ്പെക്ടർ വനിൽകുമാർ, CPOമാരായ മിജേഷ് , റിയാസ് , സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥൻ പ്രകാശൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ T.R. സുനിൽ കുമാർ, R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT